SCDD/6578/2022-C3 (EDN C)

58770/2023/CRU SCDD

.ഉ.(സാധാ) നം.125/2023/SCSTD

DIRECTOR
27 JAN
Thiruvananthapuram
SCHEDULED CASTE DEVELOPMENT

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്-പട്ടികജാതി വികസന വകുപ്പിന് കീഴിലെ പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ പ്രീമെട്രിക്/പോസ്റ്റ് മെട്രിക് വിദ്യാർത്ഥികളെ താമസിപ്പിച്ച് പഠിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.125/2023/SCSTD തീയതി,തിരുവനന്തപുരം, 25-01-2023

---

പരാമർശം:- പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 15/12/2022-ലെ SCDD/6578/2022-C3 (EDN C) നമ്പർ കത്ത്.

**ഉത്തരവ്**

പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നതും നിലവിൽ കുട്ടികളുടെ എണ്ണം വളരെ കുറവായതുമായ പ്രീമെട്രിക് ഹോസ്റ്റലുകളിൽ, പ്രീമെട്രിക് വിദ്യാർത്ഥികളുടെ പ്രവേശന നടപടികൾ പൂർത്തീകരിച്ചതിനു ശേഷമുള്ള ഒഴിവുകളിലേയ്ക്ക് ഹയർസെക്കന്ററി, ഐ.ടി.ഐ വിദ്യാർത്ഥികൾക്ക് കൂടി പ്രവേശനം നൽകുന്നതിനുള്ള അനുമതിയും ഇത്തരത്തിൽ പ്രവേശനം അനുവദിക്കുന്ന പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് അനുവദനീയമായ മെസ് ചാർജ്ജ് തുക ചെലവഴിയ്ക്കുന്നതിനുള്ള അനുമതിയും ലഭ്യമാക്കണമെന്ന് പരാമർശ കത്ത് മുഖേന പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നതും നിലവിൽ കുട്ടികളുടെ എണ്ണം വളരെ കുറവായതുമായ പ്രീമെട്രിക് ഹോസ്റ്റലുകളിൽ, പ്രീമെട്രിക് വിദ്യാർത്ഥികളുടെ പ്രവേശന നടപടികൾ പൂർത്തീകരിച്ചതിനു ശേഷമുള്ള ഒഴിവുകളിൽ, ഹോസ്റ്റലുകളിലെ നിലവിലുള്ള ഭൗതിക സാഹചര്യങ്ങളിൽ മാറ്റം വരുത്താതെയും, ഓരോ ഹോസ്റ്റലിലും പ്രവേശിപ്പിക്കാവുന്ന ആകെ വിദ്യാർത്ഥികളുടെ എണ്ണം അധികരിക്കാതെയും ഹയർസെക്കന്ററി, ഐ.ടി.ഐ വിദ്യാർത്ഥികൾക്ക് കൂടി പ്രവേശനം നൽകുന്നതിനും, ഇത്തരത്തിൽ പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ പ്രവേശനം അനുവദിക്കുന്ന പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക്, അവർക്ക് അനുവദനീയമായ മെസ് ചാർജ്ജ് തുക ചെലവഴിയ്ക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സ്വപ്ന.എം

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ /ആഡിറ്റ്), കേരള, തിരുവനന്തപുരം

ചീഫ്, വികേന്ദ്രീകൃത വിഭാഗം, പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.

58770/2023/CRU SCDD

സ.ഉ.(സാധാ) നം.125/2023/SCSTD

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി, തിരുവനന്തപുരം,

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sreelekha. G.
Date: 25-01-2023 11:15:18
സെക്ഷൻ ഓഫീസർ

ബഹു.പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ പി.എസ്-ന്.
പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്.
പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ യ്ക്ക്.